**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4677** **13-03-2023 - ൽ മറുപടിയ്ക്ക്**

**വന വികസന ഏജൻസികൾ മുഖേന ശേഖരിക്കുന്ന വനവിഭവങ്ങളുടെ വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന വികസന ഏജൻസികൾ മുഖേന ശേഖരിക്കുന്ന വനവിഭവങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് ഇടനിലക്കാരെ ഒഴിവാക്കി വനവിഭവങ്ങൾ ശേഖരിക്കുന്ന വനാശ്രിത വിഭാഗങ്ങൾക്ക് കൂടുതൽ വില ലഭ്യമാക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (എ) | വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനപരിപാലന തത്വത്തിൻകീഴിൽ ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ നടത്തിപ്പിലൂടെ വനവിഭവ ശേഖരണ വിപണനവുമായി ബന്ധപ്പെട്ട് വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും അതുവഴി അവർക്ക് മെച്ചപ്പെട്ട വരുമാനം ലഭിയ്ക്കുന്നതിനും അങ്ങനെ ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമാകുന്നു.<br><br>വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനപരിപാലന തത്വത്തിൻകീഴിൽ ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ നടത്തിപ്പിലൂടെ വനവിഭവ ശേഖരണ വിപണനവുമായി ബന്ധപ്പെട്ട് വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും അതുവഴി അവർക്ക് മെച്ചപ്പെട്ട വരുമാനം ലഭിയ്ക്കുന്നതിനും അങ്ങനെ ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമാകുന്നു.<br><br>ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന വന വിഭവങ്ങൾക്ക് ന്യായവില ലഭ്യമാക്കുക, അവരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വനം വകുപ്പ് "വനശ്രീ" പദ്ധതി നടപ്പാക്കി വരുന്നു. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയാണ് വനശ്രീയുടെ മുഖ്യ കർമ്മ പരിപാടി. ഇത്തരത്തിൽ 69 വനശ്രീ യൂണിറ്റുകൾ (രണ്ടു മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ) വഴി വിപണനം നടത്തുന്നതിലൂടെ വനവിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും അതിലൂടെ വനാശ്രിതരായ ആദിവാസികളുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നു.<br><br>കേന്ദ്ര പട്ടിക വർഗ്ഗ കാര്യ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന Tribal Co-operative Marketing |

| | | | | |
|---|---|---|---|---|
| | | | | Development Federation of India Ltd: (TRIFED)-ന്റെ ധനസഹായത്തോടു കൂടി വനം വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന MSP for MFP പദ്ധതി വഴി കേരളത്തിലെ വനങ്ങളിൽ ലഭ്യമായ കാട്ടുതേൻ ഉൾപ്പടെ 26 ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി പദ്ധതി വഴി വനവിഭവങ്ങളുടെ ശേഖരണ-വിപണന സംവിധാനത്തിനായി HAAT ബസാറുകളുടെ നിർമ്മാണം, നിലവിലുള്ള HAAT ബസാറുകളുടെ ആധുനികവൽക്കരണം, ശേഖരണ കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയും നടത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ തേൻ ശേഖരണത്തിനായി വനവികസന ഏജൻസി തലത്തിൽ Revolving Fund രൂപീകരിയ്ക്കുന്നതിനുള്ള ധന സഹായവും നൽകി വരുന്നുണ്ട്.<br><br>ചെറുകിട വനവിഭവങ്ങളുടെ മൂല്യവർദ്ധനയിലൂടെയും വിപണനത്തിലൂടെയും വനാശ്രിത സമൂഹങ്ങളുടെ ശാക്തീകരണത്തിനായി, കേന്ദ്ര സർക്കാർ സഹായത്തോടെ വൻ ധൻ വികാസ് യോജനയ്ക്ക് കീഴിൽ വൻ ധൻ വികാസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ട്രൈഫെഡിന്റെ സാമ്പത്തിക സഹായത്തോടെ ഇത്തരത്തിൽ 44 വൻ ധൻ വികാസ് കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു.<br><br>നിലവിൽ www.vanasree.in വഴി വനവിഭവങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തി വരുന്നു. ഇത് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഒരു സമഗ്രമായ ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>കൂടാതെ എല്ലാ വർഷവും വന വിഭവ ശേഖരണത്തിനായി കേരള സംസ്ഥാന പട്ടിക ജാതി/ പട്ടികവർഗ്ഗ വികസന ഫെഡറേഷന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വനവിഭവ ശേഖരണത്തിനായി വനം വകുപ്പ് അതത് സംഘങ്ങളുടെ പ്രവർത്തന മേഖല ഉൾപ്പെടുന്ന വനം റേഞ്ചുകൾ അനുവദിച്ചു വരുന്നുണ്ട്. ടി സംഘങ്ങൾ ശേഖരിയ്ക്കുന്ന ചെറുകിട വനവിഭവങ്ങൾ ഫെഡറേഷൻ വഴി വിപണനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ